**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1594** **08-10-2021 - ൽ മറുപടിയ്ക്ക്**

**തണ്ണീർത്തട നിയമത്തിൽ കുട്ടനാടിന് ഇളവ് അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2008 ലെ തണ്ണീർത്തട നിയമം കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിക്കാതെ നടപ്പിലാക്കിയതു മൂലം വികസന കാര്യങ്ങളിൽ കുട്ടനാട് നേരിടുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും അവയെല്ലാം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമം നടപ്പിലാക്കിയത് മൂലം ഉണ്ടായിട്ടുള്ളതല്ല . സംസ്ഥാനത്തെ നെൽവയലുകൾ തണ്ണീർത്തടങ്ങൾ എന്നിവയെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെയാണ് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയിട്ടുള്ളത് കുട്ടനാട് അടക്കമുള്ള എല്ലാ നെൽകൃഷി മേഖലയേയും കേരള സംസ്ഥാനത്തെയാകെ പരിഗണിച്ചു കൊണ്ടാണ് സംസ്ഥാനം നിയമം പാസ്സാക്കിയത്. കുട്ടനാടിന്റെ കാർഷിക മേഖലയുടെ വികസനത്തിനായി സർക്കാർ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | 95 ശതമാനം പ്രദേശവും വെള്ളത്തിൽ സ്ഥിതി ചെയ്യുന്ന കുട്ടനാട് പോലൊരു പ്രദേശത്ത് തണ്ണീർത്തട നിയമം നടപ്പാക്കുമ്പോൾ സർക്കാരിന്റെ വികസന പദ്ധതികളും സ്വകാര്യ സംരംഭങ്ങളും എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | കുട്ടനാട് പ്രദേശം സമുദ്ര നിരപ്പിനേക്കാൾ താഴ്ന്ന കിടക്കുന്ന നെൽകൃഷി മേഖലയാണ്. സർക്കാരിന്റെ വികസന പദ്ധതികൾ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം ഈ ആക്റ്റിലെ ചില വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി കൊടുക്കുന്നതിനു സർക്കാരിന് അധികാരം നൽകിക്കൊണ്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിലവിൽ വ്യവസ്ഥയുണ്ട്. |
| (സി) | കടൽ നിരപ്പിൽ നിന്നും ഒന്നര മുതൽ മൂന്ന് അടി വരെ താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാടിന്റെ പ്രത്യേകതകൾ പരിഗണിച്ച് കുട്ടനാട്ടിലെ ജനങ്ങൾക്ക് മറ്റ് പ്രദേശങ്ങളിലെ ജനങ്ങൾക്ക് ലഭിക്കുന്നത് പോലെ വികസന കാര്യങ്ങളിൽ പരിഗണന ലഭിക്കുന്നതിനു തണ്ണീർത്തട നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | കുട്ടനാട് പ്രദേശം സമുദ്ര നിരപ്പിനേക്കാൾ താഴ്ന്ന കിടക്കുന്ന നെൽകൃഷി മേഖലയാണ്. സർക്കാരിന്റെ വികസന പദ്ധതികൾ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം ഈ ആക്റ്റിലെ ചില വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി കൊടുക്കുന്നതിനു സർക്കാരിന് അധികാരം നൽകിക്കൊണ്ട് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നിലവിൽ വ്യവസ്ഥയുണ്ട്. |
| (ഡി) | വികസന കാര്യങ്ങളിൽ തടസം നിൽക്കുന്നതിന് | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

| | | | |
|---|---|---|---|
| | ചിലരെങ്കിലും ബോധപൂർവം ശ്രമം നടത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുട്ടനാട്ടിൽ സർക്കാർ പ്രഖ്യാപിക്കുന്ന വികസന പദ്ധതികൾ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ